# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## ഉത്തരവ്

നമ്പർ: 82/2013/സം.തി.ക. തീയതി, തിരുവനന്തപുരം, 2013 മേയ് 3

കണ്ണൂർ ജില്ലയിൽ എം. 57 മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേക്ക് വിജ്ഞാപനപ്രകാരം 2012 സെപ്തംബർ മാസം 4-ാം തീയതി നടന്ന പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായിരുന്ന അനുബന്ധ പട്ടികയിൽ പേര് ചേർത്തിട്ടുള്ളവർ അവരുടെ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്കുകൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 142-ാം വകുപ്പും, 1995 -ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും അനുശാസിക്കുന്ന വിധം കൃത്യസമയത്ത്, നിശ്ചിത രീതിയിൽ, നിയമാനുസൃതം സമർപ്പിച്ചിട്ടില്ലായെന്നോ അല്ലെങ്കിൽ സ്ഥാനാർത്ഥികൾക്ക് ചെലവാക്കാവുന്ന പരിധിയിൽ കൂടുതൽ ചെലവാക്കിയിട്ടുണ്ടെന്നോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രസ്തുത കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ നിയമാനുസൃതം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പ് അനുസരിച്ച് അയോഗ്യതാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സമർപ്പിക്കാൻ മേൽപ്പറഞ്ഞ സ്ഥാനാർത്ഥികൾക്ക് കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ടപ്രകാരം കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രേഖാമൂലം രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും എന്നാൽ പ്രസ്തുത നോട്ടീസ് കൈപ്പറ്റാത്തവർക്ക് മുനിസിപ്പാലിറ്റി നിയമപ്രകാരം വീണ്ടും നോട്ടീസ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(6) ചട്ടം നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ 20 ദിവസത്തിനുള്ളിൽ യാതൊരു നിവേദനവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് മതിയായ കാരണമോ വിശദീകരണമോ ഇതോടൊപ്പമുള്ള പട്ടികയിൽ പേരു പറയുന്ന സ്ഥാനാർത്ഥികൾ നൽകാതിരിക്കുകയോ ചെയ്തിട്ടുള്ളതാണ്.

ആയതിനാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പനുസരിച്ച് ഇതോടൊപ്പമുള്ള പട്ടികയിൽ പേരു ചേർത്തിരിക്കുന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ കൗൺസിലർ ആയിരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് മേൽപ്രകാരം അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**കെ. ശശിധരൻനായർ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

# പട്ടിക

| ക്രമ നമ്പർ | മുനിസിപ്പാലിറ്റി യുടെ പേര് | വാർഡിന്റെ നമ്പർ/പേര് | അയോഗ്യത കല്പിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് | മേൽവിലാസം |
|---|---|---|---|---|
| 1. | എം. 57 മട്ടന്നൂർ | 1. മണ്ണൂർ | സിയാബു | കുഞ്ഞിക്കണ്ടി വീട്ടിൽ, മട്ടന്നൂർ, കണ്ണൂർ. |
| 2. | | 5. ആണിക്കരി | ഹസീന സി.വി. | കുഞ്ഞിപ്പീടികയിൽ ഹൗസ്, പി. ഒ. കീച്ചേരി, കല്ലൂർ, കണ്ണൂർ |
| 3. | | 6. കളറോഡ് | പി. ബാലകൃഷ്ണൻ നമ്പ്യാർ | വർഷ നിവാസ്, മണ്ണൂർ പി.ഒ., പൊറോറ, മട്ടന്നൂർ, കണ്ണൂർ |
| 4. | | 8. പെരുവയൽകരി | സീനത്ത് കെ. | 5/855 തുമ്പോറക്കണ്ടി, പരിയാരം പി.ഒ., കോളാരി, കണ്ണൂർ |
| 5. | | 12. കോളാരി | ഇ. വിനോദ്കുമാർ | കൃഷ്ണകൃപ, കോളാരി പി.ഒ., കോളാരി, കണ്ണൂർ |
| 6. | | 13. പരിയാരം | ടി.കെ. റസാഖ് | പാറക്കണ്ടി, നാലാങ്കേരി, പൊറോറ പി.ഒ., കണ്ണൂർ |
| 7. | | 19. കുഴിക്കൽ | കെ. പ്രകാശൻ | പാലത്രച്ചാൽ വീട്, കുഴിക്കൽ, പി.ഒ. കയനി, കണ്ണൂർ, 670702 |
| 8. | | 20. കയനി | സുബൈദ | താഴെകുന്നുമ്മൽ, കീച്ചേരി, കീച്ചേരി പി.ഒ., കണ്ണൂർ |
| 9. | | | ഹാജറ വാണിയേടത്ത് | കവുങ്ങിൽ തോട്ടത്തിൽ ഹൗസ്, പി.ഒ. കയനി, കണ്ണൂർ |
| 10. | | | റീന കെ. | പാറമ്മേൽ ഹൗസ്, കയനി പി.ഒ., കണ്ണൂർ |
| 11. | | 34. നാലാങ്കേരി | പി.സി. ജമീല | റസീനാ മൻസിൽ, പി.ഒ. പൊറോറ, നാലാങ്കേരി, കണ്ണൂർ |